**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **21-01-2021 - ൽ മറുപടിയ്ക്ക്**

**ചെലവ് ചുരുക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം.കെ . മുനീർ ,<br>ശ്രീ . പാറക്കൽ അബ്ദുല്ല ,<br>ശ്രീ . ടി . എ . അഹമ്മദ് കബീർ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി . | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ചെലവ് ചുരുക്കുന്നത് സംബന്ധിച്ച് അഞ്ച് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടും അതിലെ നിർദ്ദേശങ്ങൾക്ക് വകുപ്പുകൾ വില കൽപ്പിച്ചില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമീപകാലങ്ങളിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് പ്രതികൂല സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ചെലവുചുരുക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കേണ്ടത് ഡി.ഡി.ഒ. മുതൽ വകുപ്പ് അദ്ധ്യക്ഷൻ/വകുപ്പ് സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥ ശ്രേണിയിൽ വരുന്ന ഉദ്യോഗസ്ഥരുടെ ബാധ്യതയാണ്. ഉദ്യോഗസ്ഥ തലത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കൃത്യവും നിയതവുമായ ഓഡിറ്റ് സംവിധാനങ്ങളും നിലവിലുണ്ട്. ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് ധന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഏതെങ്കിലും വകുപ്പുകൾ ബോധപൂർവ്വം ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ചെലവുചുരുക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നും അതു മൂലമുണ്ടായിട്ടുള്ള ഗുണഫലങ്ങൾ എന്തൊക്കെ എന്നും വിശദമാക്കുമോ; | (ബി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്. |
| (സി) | ജനങ്ങൾക്ക് ഉപകാരമില്ലാത്ത പദ്ധതികളും ജീവനക്കാർ വെറുതെയിരിക്കുന്ന ഓഫീസുകളും നിർത്തലാക്കുമെന്ന സർക്കാർ പ്രഖ്യാപനത്തെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ പല പദ്ധതികളും പ്രവർത്തനം അവസാനിപ്പിച്ചിട്ടും പദ്ധതികൾക്കായി നിയമിച്ച ജീവനക്കാർ തുടരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ കണ്ടെത്തി അധിക ജീവനക്കാരെ ആവശ്യമുള്ള വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നിർവ്വഹണ കലണ്ടർ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്, |
| (ഡി) | അയ്യായിരം ജീവനക്കാരെ പുനർവിന്യസിക്കുമെന്ന് സർക്കാർ പ്രഖ്യാപനമുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദമാക്കുമോ; | (ഡി) | ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഇ-ഓഫീസ് സോഫ്റ്റ് വെയർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകൾ മറ്റ് തസ്തികകളിലേയ്ക്ക് പുനർ വിന്യസിച്ചും ഓഫീസ് അറ്റൻഡന്റ് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പുനർവിന്യസിക്കുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത്, ജല-വിഭവ വകുപ്പുകൾ, വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പോലുള്ള കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്നതിനാൽ ഇപ്പോൾ ക്ലറിക്കൽ സ്റ്റാഫ് ചെയ്തുവരുന്ന പ്രവർത്തികൾ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഇപ്പോഴുള്ള ജീവനക്കാർക്കുതന്നെ ചെയ്യാവുന്നതാകയാൽ ഇങ്ങനെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾ തന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ് തുടങ്ങിയ ക്ലറിക്കൽ സ്റ്റാഫിന്റെ എണ്ണം കണ്ടെത്തി മറ്റ് |

| | | | |
|---|---|---|---|
| | | | വകുപ്പുകളിലേയ്ക്കോ സ്ഥാപനങ്ങളിലേയ്ക്കോ പുനർവിന്യസിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഇ) | വരുമാനം എങ്ങനെയൊക്കെ കൂട്ടാമെന്നതു സംബന്ധിച്ച് മൂന്നു സമിതികളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും ലഭിച്ച ഗുണഫലങ്ങളും എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | (ഇ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിയോഗിച്ച വിവിധ വിദഗ്ധ സമിതികളുടെ വിവിധ വിഷയങ്ങളിലുള്ള റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിരുന്നു. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ സമസ്തമേഖലകളും ദുരിതമനുഭവിക്കുന്ന ഈ ഘട്ടത്തിൽ പ്രധാന നികുതി, നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തുവാൻ സർക്കാർ നിലവിൽ ഉദ്ദേശിക്കുന്നില്ല |
| (എഫ്) | ചെലവുചുരുക്കലും വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികളും നടപടികളും ലക്ഷ്യം കണ്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്. |

സെക്ഷൻ ഓഫീസർ